പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 912 11.06.2014 ലെ മറുപടിക്ക്

## പട്ടികജാതി കോളനികളുടെ സമഗ്രവികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. രാധാകൃഷ്ണൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി കോളനികളുടെ സമഗ്രവികസനം നടപ്പിലാക്കുന്നതിനായി 2013-14 വർഷം സംസ്ഥാനത്ത് തെരഞ്ഞെടുത്ത കോളനികൾ ഏതെല്ലാമാണെന്ന് പറയാമോ; | (എ) | 2013-14 സാമ്പത്തിക വർഷം തെരഞ്ഞെടുത്ത കോളനികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ കോളനികളിൽ എത്ര തുക വിനിയോഗിക്കുവാൻ തീരുമാനിച്ചുവെന്നും അതിൽ അനുവദിച്ച തുക എത്രയാണെന്നും എത്ര കോളനികളിൽ ലക്ഷ്യമിട്ട വികസന പദ്ധതികൾ പൂർത്തിയാക്കിയെന്നും വ്യക്തമാക്കാമോ ; | (ബി) | ഒരുകോടി രൂപയിൽ പരിമിതപ്പെടുത്തിക്കൊണ്ടുള്ള വികസന പ്രവർത്തനങ്ങളാണ് ചെയ്യുന്നത്. ആദ്യ ഗഡുവായ 25 ലക്ഷം രൂപ നിർവഹണ ഏജൻസികൾക്ക് അനുവദിച്ചിട്ടുണ്ട്; പദ്ധതികൾ പ്രാരംഭ ഘട്ടത്തിലാണ്. |
| (സി) | ഇനി വികസന പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാത്ത കോളനികൾ ഏതെല്ലാമാണെന്നും അവയുടെ നിർവ്വഹണ ഏജൻസികളുടെ വിശദാംശങ്ങളും, എന്തുകൊണ്ടാണ് പദ്ധതി നിർവ്വഹണം പൂർത്തിയാക്കാൻ കഴിയാത്തതെന്നുമുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ; | (സി) | 2013-14 വർഷം തെരഞ്ഞെടുത്ത എല്ലാ കോളനികളിലും പദ്ധതി പുരോഗമിക്കുന്നു. KLDC, KITCO, SIDCO, FIT, KESNIK, KAICO, ജില്ലാ നിർമ്മിതി കേന്ദ്രം തുടങ്ങി സർക്കാർ എംപാനൽ ചെയ്ത ഏജൻസികളെയാണ് നിർവഹണം എൽപ്പിച്ചിരിക്കുന്നത്. ഏജൻസികൾ ഫീൽഡ് തലത്തിൽ നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ പദ്ധതിയുടെ പുരോഗതിയെ ബാധിക്കുന്നുണ്ട്. |
| (ഡി) | മേൽ പറഞ്ഞ കോളനികളിലെ വികസന പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (ഡി) | വികസന പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്